# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഫെബ്രുവരി 13**

---

## ബ്രെയ്ൻ ഗെയ്ൻ പദ്ധതി വലിയ മാറ്റത്തിന്റെ തുടക്കം- പ്രഫ. ടി.വി പോൾ

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ബ്രെയ്ൻ ഗെയ്ൻ പദ്ധതി വലിയ മാറ്റത്തിന്റെ തുടക്കമാണെന്ന് പദ്ധതിയുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെത്തിയ കാനഡിയിലെ മക് ഗിൽ സർവകലാശാലയിലെ അധ്യപകനായ പ്രഫ. ടി.വി. പോൾ പറഞ്ഞു.

വിദ്യാഭ്യാസ മേഖലയുടെ അന്താരാഷ്ട്രവത്കരണം കാലഘട്ടത്തിൻറെ ആവശ്യമാണ്. വിവിധ കാരണങ്ങളാൽ ഈ രംഗത്ത് ഇന്ത്യയ്ക്ക് നിരവധി വർഷങ്ങൾ നഷ്ടമായി. ഈ നഷ്ടം നികത്താനുള്ള ഊർജ്ജിത ശ്രമങ്ങൾ വേണ്ടതുണ്ട്. അതുതന്നെയാണ് ബ്രെയ്ൻ ഗെയ്ൻ പദ്ധതിയുടെ പ്രസക്തി- അദ്ദേഹം പറഞ്ഞു.

സാധ്യതകളുടെ വലിയ ലോകമാണ് അന്താരാഷ്ട്രവത്കരണം വിദ്യാർഥികൾക്കു മുന്നിൽ തുറക്കുന്നത്. വിവിധ മേഖലകളിൽ മികച്ച ഗവേഷകരെയും പണ്ഡിതരെയും വളർത്താനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇത് ഉപകരിക്കും. ഇത്തരം സാധ്യതകൾ നമ്മുടെ വിദ്യാർഥികൾക്ക് നിഷേധിക്കപ്പെടരുത്.

മികച്ച പഠന, ഗവേഷണ സാധ്യതകൾ തേടി കേരളത്തിൽനിന്നും ഇന്ത്യയിൽനിന്ന് പൊതുവെയും വിദേശത്തേക്ക് പോകുന്നവരുടെ എണ്ണം ഗണ്യമായി വർധിച്ചിട്ടുണ്ടെങ്കിലും സമൂഹത്തിലെ താഴെ തട്ടിലുള്ളവർക്ക് അതിന് അവസരം ലഭിക്കുന്നില്ല. ഈ അന്തരം പരിഹരിക്കാനും അന്താരാഷ്ട്രവത്കരണം ഉപകരിക്കും.

രാജ്യത്തെ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നാണ് മഹാത്മാ ഗാന്ധി സർവകലാശാല. അന്താരാഷ്ട്രവത്കരണത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി അക്കാദമിക്, ഗവേഷണ മേഖലകളിൽ താരതമ്യങ്ങളില്ലാത്ത നേട്ടങ്ങൾ കൈവരിക്കാൻ എം.ജി. സർവകലാലാശാല വൈസ് ചാൻസലർ പ്രഫ. സാബു തോമസിന് സാധിച്ചു. അദ്ദേഹത്തെപ്പോലെയുള്ള നിരവധി പ്രതിഭകളെ സൃഷ്ടിക്കാൻ നമുക്ക് കഴിയണം, ശാസ്ത്ര, സാങ്കേതിക വിഷയങ്ങൾക്കു പുറമെ ഹ്യുമാനിറ്റീസ് ഉൾപ്പെടെയുള്ള മേഖലകളിലും ഇതിന് സാധ്യതയുണ്ട്.

വിദേശ രാജ്യങ്ങളിൽ പഠിക്കാൻ പോകുന്നവർക്ക് ആവിടെ ലഭ്യമാകുന്ന സേവനങ്ങൾ നമ്മുടെ നാട്ടിൽ ഉറപ്പാക്കാനാവണം. അക്കാദമിക് പ്രബന്ധങ്ങളും മറ്റും രാജ്യാന്തര നിലവരത്തിൽ തയ്യാറാക്കുന്നതിന് ബ്രെയ്ൻ ഗെയ്ൻ പരിപാടിയുടെ ഭാഗമായി പരിശീലനം നൽകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ഇത്തരം കഴിവുകൾ വിദ്യാർഥികൾക്ക് സ്വന്തം നിലയിൽ വളർത്താനാവില്ല. അതിന് പരിശീലനം കൂടിയേ തീരൂ.

രാജ്യത്തിൻറെ പ്രധാന മൂലധനമായ മനുഷ്യ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. സ്വകാര്യ കമ്പനികൾ ആ നിലയ്ക്കുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ടെങ്കിലും സർവകലാശാലകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ അതിന് ശ്രമിക്കുന്നില്ല. ഈ സ്ഥിതിയിൽ മാറ്റം വരണം.

വിദേശ സർവകലാശാലകളുടെ കാമ്പസുകൾ ഇന്ത്യയിൽ വരുന്നത് സംബന്ധിച്ച ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്ന് പ്രഫ. പോൾ പറഞ്ഞു. ലോകത്തിലെ മുൻനിര സർവകലാശാലകൾ ഒരേ സമയം ഇവിടെ കാമ്പസ് തുടങ്ങാനുള്ള സാധ്യതയില്ല. സർവകലാശാലകളിലെയും കോളജുകളിലെയും അധ്യാപകർ സ്കൂളുകളിൽ സന്ദർശനം നടത്തി കോളജ് പഠനത്തെക്കുറിച്ച് കുട്ടികളോട് വിശദീകരിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ കൂടുതൽ വിദ്യാർഥികളെ കാമ്പസുകളിലേക്ക് ആകർഷിക്കാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കാനഡയിലെ മോൺട്രിയോൾ ജെയിംസ് മക് ഗിൽ സർവകലാശാലയിൽ ഇന്റർനാഷണൽ റിലേഷൻസ് വിഭാഗം അധ്യാപകനും കാനഡ റോയൽ സൊസൈറ്റി ഫെലോയുമായ ടി.വി. പോൾ കോട്ടയം മേവള്ളൂരിലാണ് ജനിച്ചത്.

കോട്ടയം പ്രസ് ക്ലബിൽ നടന്ന വാർത്താസമ്മേളനത്തിൽ എം.ജി. സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സ് ഡയറ്കടർ ഡോ. സി. വിനോദൻ എന്നിവരും പങ്കെടുത്തു.

കേരളത്തിൽനിന്ന് വിദേശ രാജ്യങ്ങളിലേക്ക് പോയ അക്കാദമിക്, ഗവേഷണ വിദഗ്ധരുടെ സേവനം സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയ്ക്ക് ലഭിക്കുന്നതിനായി കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ച പദ്ധതിയാണ് ബ്രെയ്ൻ ഗെയ്ൻ.
ഇതിനോടകം വിവിധ രാജ്യങ്ങളിൽനിന്നുള്ള വിദഗ്ധർ പദ്ധതിയിൽ പങ്കാളികളാകുന്നതിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹ്യസ്വകാല അധ്യാപകരായും പാർട്ട് ടൈം കൊളാബ്രേറ്റർമാരായും ഇവർ പ്രവർത്തിക്കും.

ആദ്യ ഘട്ടമായി മഹാത്മ ഗാന്ധി സർവകലാശാല, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, തോന്നയ്ക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ജ് വൈറോളജി എന്നീ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി മൂന്നു സർവകലാശാലകളും സമർപ്പിച്ച വിശദമായ അക്കാദമിക് പ്ലാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ അംഗീകരിച്ചിരുന്നു. എം.ജി. സർവകലാശാലയുടെ അക്കാദമിക് പ്ലാൻ പ്രകാരം സംസ്ഥാനത്തെ വിവിധ കോളജുകളിൽ പ്രഫ. പോൾ വിദ്യാർഥികളുമായി സംവദിക്കും.

**ഫോട്ടോ ക്യാപ്ഷൻ**

ബ്രെയ്ൻ ഗെയ്ൻ പദ്ധതിയുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ എത്തിയ പ്രഫ. ടി.വി പോൾ കോട്ടയം പ്രസ് ക്ലബ്ബിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുന്നു. വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ഡയറക്ടർ ഡോ. സി. വിനോദൻ എന്നിവർ സമീപം.

(പി.ആർ.ഒ/39/176/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ഡോക്യുമെന്റേഷൻ (2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016, 2015 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, 2009-2010 അഡ്മിഷനുകൾ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് 27 ന് തുടങ്ങും.

മാർച്ച് എട്ടു വരെ പിഴയില്ലാതെയും മാർച്ച് ഒൻപതു വരെ പിഴയോടു കൂടിയും മാർച്ച് 10 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/177/2023)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ എം.ബി.എ (2017,2018 അഡ്മിഷനുകൾ സപ്ലിമെന്ററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് രണ്ടിന് തുടങ്ങും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/178/2023)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എ. മലയാളം (പി.ജി.സി.എസ്.എസ്, 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി -ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 24 വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം.

..................................

പ്രൈവറ്റ് രജിസ്ട്രേഷൻ ഒന്ന്, രണ്ട് സെമസ്റ്ററുകൾ സി.ബി.സി.എസ്.എസ് ബി.എ (2017 വരെയുള്ള അഡ്മിഷനുകൾ സപ്ലിമെന്ററി, 2012,2013 അഡ്മിഷനുകൾ മെഴ്സി ചാൻസ് - ഫെബ്രുവരി 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 21 വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം.

..................................

ഏഴാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി (2010 അഡ്മിഷൻ രണ്ടാം മെഴ്‌സി ചാൻസ്, 2009 അഡ്മിഷൻ മൂന്നാം മെഴ്‌സി ചാൻസ് - സെപ്റ്റംബർ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി 25 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.

.....................................

2022 ഓഗസ്റ്റിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്ററുകൾ എം.എഡ്. (20022010 അഡ്മിഷനുകൾ - അദാലത്ത് സ്പെഷ്യൽ മെഴ്‌സി ചാൻസ് 2018) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി 28 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.
നാലാം സെമസ്റ്റർ എം.എസ്.സി കെമിസ്ട്രി (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 25 വരെ ഓലൈനിൽ അപേക്ഷ സമർപ്പിക്കാം.

.............................................

നാലാം സെമസ്റ്റർ എം.എസ്.സി ബോട്ടണി, എം.എസ്.സി പോളിമർ കെമിസ്ട്രി (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 28 വരെ ഓലൈനിൽ അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/179/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**